LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ

152 (152) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രികളിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ നടത്തിപ്പിനുവേണ്ട സ്ഥലസൗകര്യം ലഭ്യമാക്കുവാൻ സന്നദ്ധരായ സർക്കാർ ആശുപത്രി അധികൃതരോ, ആ സ്ഥലത്തെ ജനപ്രതിനിധിയോ ആവശ്യപ്പെടുന്ന മുറയ്ക്കാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

(ബി) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ 2014 ഒക്ടോബർ മുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ആശുപത്രികൾ

153 (153) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ, സഹകരണ, സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അലോപ്പതി, ആയുർവ്വേദം, ഹോമിയോ, യുനാനി എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ 1284 അലോപ്പതി ആശുപത്രികൾ പ്രവർത്തിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 13 മെഡിക്കൽ കോളേജുകളും മെഡിക്കൽ കോളേജുകൾക്ക് കീഴിൽ ആശുപത്രി, പബ്ലിക് ഹെൽത്ത് സെന്റർ, റൂറൽ ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെ 27 സ്ഥാപനങ്ങളും 5 ദന്തൽ കോളേജുകളും അനുബന്ധമായി 5 ദന്തൽ ആശുപത്രികളും പ്രവർത്തിച്ചുവരുന്നു. ഹോമിയോപ്പതി വകുപ്പിനുകീഴിൽ 34 സർക്കാർ ഹോമിയോ ആശുപത്രികളും 669 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 3 സർക്കാർ ആയുർവ്വേദ കോളേജുകളിലായി 5 ആയുർവ്വേദ ആശുപത്രികളും 2 എയിഡഡ് ആയുർവ്വേദ മെഡിക്കൽ കോളേജ് ആശുപത്രികളും 12 സ്വകാര്യ ആയുർവ്വേദ കോളേജ് ആശുപത്രികളും ഒരു സിദ്ധ മെഡിക്കൽ കോളേജ് ആശുപത്രിയും ഒരു യുനാനി മെഡിക്കൽ കോളേജിന് കീഴിലായി 6 യുനാനി ആശുപത്രികളുമുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിൽ 130 ആശുപത്രികളും 818 ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം	ആശുപത്രി	ഡിസ്പെൻസറി	ആകെ
ആയുർവേദം	128	810	938
സിദ്ധ	1	6	7
യുനാനി		1	1
പ്രകൃതി ചികിത്സ	1	1	2
ആകെ	130	818	948

സഹകരണ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 75 ആശുപത്രികൾ പ്രവർത്തിക്കുന്നു. NHM-നുകീഴിൽ 94 NUHM ഡിസ്പെൻസറികളും 264 ആയുർവ്വേദ ഡിസ്പെൻസറികളും 436 ഹോമിയോ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും 15 യുനാനി ഡിസ്പെൻസറികളും സ്ഥിതി ചെയ്യുന്നു. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് അംഗീകൃത ക്ലിനിക്കുകൾ, മെഡിക്കൽ ഷോപ്പുകൾ, ലബോറട്ടറികൾ, സ്കാനിംഗ് സെന്ററുകൾ എന്നിവ എത്രയാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഹോമിയോപ്പതി വകുപ്പിനുകീഴിൽ 14 ആശുപത്രികളിലായി 14 ലാബുകൾ പ്രവർത്തിക്കുന്നു. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള അംഗീകൃത ക്ലിനിക്കുകൾ, മെഡിക്കൽ ഷോപ്പുകൾ, ലബോറട്ടറികൾ, സ്കാനിംഗ് സെന്ററുകൾ എന്നിവ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു*. അലോപ്പതി വിഭാഗത്തിലുള്ള അംഗീകൃത ക്ലിനിക്കുകൾ, മെഡിക്കൽ ഷോപ്പുകൾ, ലബോറട്ടറികൾ, സ്കാനിംഗ് സെന്ററുകൾ എന്നിവ സംബന്ധിച്ചുള്ള ക്രോഡീകരിച്ച വിവരങ്ങൾ നിലവിൽ ലഭ്യമല്ല.

(സി) സംസ്ഥാനത്ത് ആരോഗ്യരംഗവുമായി ബന്ധപ്പെട്ട് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

	2018-19	2019-20	2020-21
ആരോഗ്യ വകുപ്പ്	48447	49419	49645
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	14086	15323	16695
ഹോമിയോപ്പതി വകുപ്പ്	3199	3199	3199
സർക്കാർ ആയുർവ്വേദ കോളേജ്	947	955	950
എയിഡഡ് ആയുർവ്വേദ കോളേജ് ആശുപത്രികൾ	268	273	270
സ്വകാര്യ ആയുർവ്വേദ, സിദ്ധ, യുനാനി കോളേജ് ആശുപത്രികൾ	2094	1968	1840
ഭാരതീയ ചികിത്സാ വകുപ്പ്	5401	5413	5414
എൻ.എച്ച്.എം.	7409	8018	9177

സ്വകാര്യ മേഖല, സഹകരണ മേഖല എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുടെ ക്രോഡീകരിച്ച വിവരങ്ങൾ ആരോഗ്യ വകുപ്പിൽ നിലവിൽ ലഭ്യമല്ല.

കോവിഡ് പരിശോധനകളും മൂന്നാം തരംഗം നേരിടലും

154 (154) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയിൽ കോവിഡ് നേരിടുന്നതിന് വേണ്ടി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി: വാർഡുകൾ, ഐ.സി.യു എന്നിവ സജ്ജീകരിക്കുകയും കോവിഡ് രോഗികളെ തുടക്കം മുതൽതന്നെ ചികിത്സിച്ചുവരുകയും ചെയ്യുന്നു. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരെ കോവിഡ് മേഖലകളിലേയ്ക്ക് വിന്യസിച്ച് ചികിത്സ സുഗമമായി നടത്താൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. അമ്പലപ്പുഴ അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ കോവിഡ്-19 ലക്ഷണങ്ങളുള്ളവരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കുന്നു. സമ്പർക്കപ്പട്ടിക തയ്യാറാക്കി സമ്പർക്കത്തിലുള്ളവർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. പാലിയേറ്റീവ് രോഗികൾക്ക് ഉൾപ്പെടെ വാക്സിനേഷൻ